(4) 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി): 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ജയരാജൻ: സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇതിൽ വളരെ ചെറിയൊരു ഭേദഗതി മാത്രമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ''1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 538-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ 'പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ ഉള്ള പിഴ' എന്ന വാക്കുകൾക്കുപകരം 'പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്'' എന്നുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ ഇതിന്റെ അബ്സ്ട്രാക്ട് ഇതിന്റെ ഭാഗമായിട്ട് കൊടുത്തിട്ടുണ്ട്. അതിൽ 538 (2) ഉപവകുപ്പിൽ ''ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ബൈലാകളിലേയോ വ്യവസ്ഥകൾക്കു കീഴിൽ നിയമാനുസൃതമായി ഏതെങ്കിലും ആളിൽ നിന്ന് മുനിസിപ്പാലിറ്റിക്ക് കിട്ടാനുള്ളതായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ സഹിതം വസൂലാക്കേണ്ടതാണ്'' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ലൈബ്രറിയിൽ നിന്ന് മൂല നിയമത്തിന്റെ കോപ്പി എടുത്ത് നോക്കിയപ്പോൾ അതിനകത്ത് 538 (2)-ൽ per annum എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം ഭേദഗതി വന്നിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. അതിൽ ഇങ്ങനെയാണ് ''Notwithstanding anything contained in this Act any sum found legally due by any person to the Municipality under the provisions of this Act, the rules or bylaws made thereunder, if not paid on the due date shall.....'' എന്നിട്ട്, ''If such amount exceeds 50,000 rupees be recovered together with penalty @ 2% per annum from the date from which it was due'' എന്നാണ് കാണുന്നത്. ലൈബ്രറിയിൽ നിന്ന് എടുത്തിട്ടുള്ള മൂല നിയമത്തിൽ രണ്ട് കാര്യങ്ങളാണ് പ്രധാനമായും പറഞ്ഞിട്ടുള്ളത്. ഒന്ന്, per annum എന്നുള്ളത് കാണുന്നുണ്ട്. അതുപോലെ തന്നെ, if such amount exceeds 50,000 rupees. 50,000 രൂപയ്ക്ക് മുകളിൽ ഉള്ള തുകയ്ക്കാണ് ഇത്തരത്തിലുള്ള പിഴപ്പലിശ ഈടാക്കണം എന്ന് വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളത്. 1995-ൽ കൂട്ടിച്ചേർത്താണ് 50,000 രൂപയുടെ പരിധി. അതിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത് പ്രതിമാസം രണ്ട് ശതമാനം പലിശ എന്നുള്ളത് ഒരു ശതമാനമായി കുറയ്ക്കുന്നത് നല്ല കാര്യമാണ് എന്നതാണ്. പക്ഷേ അതിൽ ഒരു സ്ലാബ് സിസ്റ്റം ഏർപ്പെടുത്തണം. നേരത്തെ ഉള്ളതിൽ 50,000 രൂപയ്ക്ക് മുകളിലുള്ളതിനാണ് വ്യവസ്ഥ വച്ചിരുന്നത്. അതുപോലെ എന്തെങ്കിലും ഒരു പരിധി വയ്ക്കണം. ചെറിയ തുകകൾ അടയ്ക്കാൻ കുടിശ്ശിക വരുത്തുന്ന ആളുകളിൽ വളരെ പാവപ്പെട്ട ആളുകൾ ഉണ്ടാകും. അത്തരം ആളുകൾക്ക് ഈ പറയുന്ന പലിശ രണ്ട് ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി കുറയ്ക്കുന്നത് സ്വാഗതാർഹമാണ്. സമ്പന്നരായ ആളുകളിൽ നിന്നും രണ്ട് ശതമാനം പിഴപ്പലിശ ഈടാക്കുന്നത് മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം വരുമാനം വർദ്ധിപ്പിക്കാൻ ഉപകരിക്കും. ആ തരത്തിൽ ഒരു സ്ലാബ് അടിസ്ഥാനപ്പെടുത്തി പിഴപ്പലിശയുടെ കാര്യം തീരുമാനിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഇവിടെ തദ്ദേശ രേണ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണമെന്ന പ്രക്രിയയുടെ ഭാഗമായി ഓരോ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും പ്രാദേശിക ഗവൺമെന്റുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പ്രാദേശിക വികേന്ദ്രം വർദ്ധിപ്പിക്കാനാണ്; ഊന്നൽ കൊടുക്കേണ്ടത്. എന്നാൽ യു. ഡി. എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുമ്പോഴെല്ലാം, തദ്ദേശ രേണ സ്ഥാപനങ്ങളുടെ അധികാരവും പണവും ചുരുങ്ങിച്ചുരുങ്ങി വരുന്ന അവസ്ഥയാണുള്ളത്. പ്രാദേശിക ഗവൺമെന്റുകൾക്ക് പൂർണ്ണമായ അധികാരവും ആവശ്യമായ പണവും അവർ കൊടുക്കുന്നില്ല. 2004-ൽ ആ മുന്നണി ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക അവലോകനം എം. എൽ. എ.-മാരായ ഞങ്ങൾക്കൊക്കെ തന്നിട്ടുണ്ട്. അതിൽ ആദ്യമായി പറയുന്നത് തന്നെ സംസ്ഥാനത്തിന്റെ പദ്ധതിയുടെ മുന്നിലാണ് ശതമാനം സ്ഥിരമായി തദ്ദേശ രേണ സ്ഥാപനങ്ങൾക്ക് നൽകണമെന്നത് നിയമ പരിരക്ഷയോടെ ഉറപ്പുവരുത്തണമെന്ന നിർദ്ദേശം. ഒഴികെ നാഴികയ്ക്ക് ശുപാർശകൾ മാത്രമേ രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയായി അംഗീകരിക്കപ്പെട്ടിട്ടുള്ളൂ എന്നാണ്. യഥാർത്ഥത്തിൽ തദ്ദേശ രേണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക സംബന്ധിച്ച ധനകാര്യ കമ്മീഷന്റെ ശുപാർശ ഈ ഗവൺമെന്റ് നടപ്പാക്കുന്നില്ല എന്ന് പ്ലാനിംഗ് ബോർഡിന്റെ അവലോകന റിപ്പോർട്ടിൽ എഴുതി വച്ചിരിക്കുകയാണ്. അത് പല കാര്യങ്ങളിലും ബാധകമാണ്. ഗവൺമെന്റ് കൊടുക്കേണ്ട തുക മാത്രമല്ല പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുകപോലും വെട്ടിക്കുറച്ചത് സംബന്ധിച്ച് ഈ നിയമസഭയും മറ്റും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെ സഖാവ് എം. വി. ജയരാജൻ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആ ബില്ലുമായി ബന്ധപ്പെട്ടതല്ല എന്നാണ്. പക്ഷേ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് കിട്ടേണ്ട വരുമാനത്തിൽ കുറവു വരുത്തുന്ന ഒരു ബില്ലിനെപ്പറ്റിയാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ ഇപ്പോൾ പ്രസക്തമായിട്ടുള്ള ഒരു കാര്യം തദ്ദേശ രേണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ കുറവ് വരുന്നു എന്നുള്ളതാണ്; അതിനോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണ്? 1994-ലെ ആക്ട് പ്രകാരം നാല് വർഷം കൂടുമ്പോൾ വസ്തു നികുതിയുടെ റിവിഷൻ നടത്തണം. 1997-ലാണ് ഏറ്റവും ഒടുവിൽ ഇത് നടത്തിയത്. അത് 2001-ൽ നിയമപ്രകാരം നടത്തേണ്ടതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വസ്തു നികുതിയുടെ റിവിഷൻ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2001 കഴിഞ്ഞിട്ട് 2005-ൽ നിയമപ്രകാരം വീണ്ടും വസ്തു നികുതിയുടെ റിവിഷൻ നടത്തണം; അതു നടത്തിയിട്ടില്ല. രണ്ട് തവണയും വസ്തു നികുതിയുടെ റിവിഷൻ നടത്തേണ്ട കാലം ഈ ഗവൺമെന്റ് ഭരിക്കുമ്പോഴാണ് വന്നിരിക്കുന്നത്. അത് യഥാർത്ഥത്തിൽ മുനിസിപ്പൽ കോർപ്പറേഷനുകളുടെ വരുമാനത്തിൽ കുറവുണ്ടാക്കാൻ സഹായകരമായിട്ടുള്ള ഒരു നിലപാടാണ്. നേരത്തെ ഞാൻ പറഞ്ഞത് വളരെ വസ്തുതാപരമാണെന്നുള്ളത് തെളിയിക്കുന്ന തരത്തിലുള്ളതാണ് ഈ കാര്യത്തിലുള്ള നടപടി. അതുപോലെതന്നെ വിനോദ നികുതി 48 ശതമാനത്തിൽ നിന്ന് 20 ശതമാനമായി വെട്ടിക്കുറച്ചു. തൊഴിൽ നികുതി ഏറ്റവും കുറഞ്ഞ തുകയായിരുന്ന 37 രൂപ എന്നുള്ളത് 75 രൂപയാക്കി വർദ്ധിപ്പിച്ചു. എന്നാൽ മാക്സിമം തൊഴിൽ നികുതി 1,250 രൂപ എന്നുള്ളതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഈ തരത്തിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ കുറവ് വരുത്തിയിട്ടുള്ളത്. ഇതുപോലെതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നികുതി പരിഷ്ക്കരണ കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നു. ഇപ്പോൾ യാതൊരു ചർച്ചയും നടക്കുന്നില്ല. ഉദ്യോഗസ്ഥർ തീരുമാനിച്ച് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. എൽ. ഡി. എഫ്. ഗവൺമെന്റ് ഈ നികുതി പരിഷ്കരണത്തിന്റെ കാര്യത്തിൽ ചില മാനദണ്ഡങ്ങൾ ഉണ്ടാക്കി. അതിൽ പ്രധാനമായിട്ടുള്ളത് plinth area അടിസ്ഥാനപ്പെടുത്തി നികുതി നിശ്ചയിക്കുകയാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നപ്പോൾ പ്രൈമറി ഏരിയ, സെക്കൻഡറി ഏരിയ തുടങ്ങിയ മാനദണ്ഡങ്ങളാണ് നിശ്ചയിക്കുന്നത്. അതിനെ സംബന്ധിച്ച് വലിയ ആക്ഷേപങ്ങളുണ്ട്. യഥാർത്ഥത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ വിളിച്ച് ചർച്ചചെയ്ത് അവരുടെകൂടി അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്ന നിലയ്ക്കുള്ള അതിന്റെ നില സംരക്ഷിച്ചുകൊണ്ടുള്ള ഒരു നിലപാട് ഈ ഗവൺമെന്റ് വന്നപ്പോൾ സ്വീകരിച്ചിട്ടില്ല എന്ന് കാണാൻ കഴിയും. ഇപ്പോൾ സർക്കാർ സർവ്വീസ് ആയാലും മറ്റേത് വകുപ്പായാലും അതിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം സംതൃപ്തമായിട്ടുള്ള ഒരു നില അതിന്റെ കാര്യക്ഷമമായിട്ടുള്ള പ്രവർത്തനത്തിന് വളരെ അത്യന്താപേക്ഷിതമാണ്. ഇന്ന് മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ ഒരു ധർണ്ണ ഉദ്ഘാടനം ചെയ്തിട്ടാണ് ഞാൻ വരുന്നത്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ജീവനക്കാർ അസംതൃപ്തരാണ്. വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നല്ല സുന്ദരനായിട്ടുള്ള മന്ത്രിയാണ്. സൗമനസ്യത്തോടുകൂടിയാണ് ആളുകളോടെല്ലാം പെരുമാറുക, ഇതെല്ലാമാണെങ്കിലും പഴയ മന്ത്രിയിൽ നിന്നും വ്യത്യസ്തമായിട്ടുള്ള നടപടികളും ഉണ്ടാകുന്നില്ല എന്നുള്ള ജീവനക്കാരുടെ ശക്തമായിട്ടുള്ള അമർഷം ഉണ്ട്. സ്ഥലം മാറ്റങ്ങളെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. അതിന് നോംസ് വേണം, മറ്റെല്ലാ വകുപ്പുകളിലും ഉള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിലും അതുണ്ടാകണം, അവരുടെ പി. എഫ്. ക്രെഡിറ്റ് കാർഡിന്റെ കാര്യവും മന്ത്രി ഉറപ്പ് നൽകിയതാണ്, പക്ഷേ ഇതുവരെ നടന്നിട്ടില്ല. ഇത്തരത്തിൽ ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്കിടയിൽ വലിയ അസംതൃപ്തിയുണ്ട്. ആ അസംതൃപ്തി പരിഹരിക്കുന്നതും തദ്ദേശ സ്വയംഭരണ ഗവൺമെന്റുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ്. ആ നിലയിൽ അവരുടെ വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച പരിഹരിക്കുക. തദ്ദേശ ഗവൺമെന്റുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരം സംരക്ഷിക്കത്തക്ക നിലയിലുള്ള ഒരു നിലപാട് കൂടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് വേണം എന്നുപറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): ശ്രീ. ജയരാജൻ ഭേദഗതിയിലെ ഉദ്ദേശ്യം അംഗീകരിക്കുകയും ചില കാര്യങ്ങൾ പറയുകയും ചെയ്തു. ഇതിൽ എന്തെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ വേണമെങ്കിൽ സബ്ജക്ട് കമ്മിറ്റി തലത്തിൽ ആലോചിക്കാവുന്നതാണ്. മറ്റൊരു കാര്യം എനിക്ക് വ്യക്തമാക്കാനുള്ളത് യു.ഡി.എഫ്. ഗവൺമെൻറിൻെറ കാലത്ത് പഞ്ചായത്തുകളോട് അവരുടെ വരുമാനം കുറയ്ക്കുന്ന രീതിയിലുള്ള ഒരു സമീപനം ഉണ്ടായിട്ടില്ല എന്നുള്ളതാണ്. യു.ഡി.എഫ്. ഗവൺമെൻറ് എന്നൊക്കെ അധികാരത്തിൽ വന്നിട്ടുണ്ടോ അന്നൊക്കെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം വെട്ടിക്കുറച്ചു, പദ്ധതിവിഹിതം വെട്ടിക്കുറച്ചു എന്നൂപറയുന്നത് ശരിയല്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്തതുക അവർക്ക് നഷ്ടപ്പെട്ടുകാണും. അവർക്ക് നൽകാവുന്നിടത്തോളം വിഭവങ്ങളും അധികാരവും നൽകിക്കൊണ്ടിരിക്കുകയാണ്. 2000-ത്തിൽ ധനകാര്യ കമ്മിഷൻ പറഞ്ഞ മെയിൻറനൻസ് ഗ്രാൻറ്, ജനറൽ പർപ്പസ് ഗ്രാൻറ് എന്നിവ യു. ഡി. എഫ്. ഗവൺമെൻറ് കഴിഞ്ഞ വർഷം വിതരണം ചെയ്തു, ഈ വർഷം അതിനേക്കാൾ കൂടുതൽ തുക, സംസ്ഥാനത്തിൻെറ തനത് വരുമാനത്തിൻെറ 19 ശതമാനത്തോളം തുക പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം അഞ്ച് പദ്ധതിവിഹിതവും. അതുപോലെ മെയിൻറനൻസ് ഗ്രാൻറും ജനറൽ പർപ്പസ് ഗ്രാൻറും അവരുടെ കൈയിൽ എത്തിയിരിക്കുകയാണ്. സാമ്പത്തികമായ ഏറെ പരാധീനതകൾ ഉണ്ടായിട്ടുപോലും പഞ്ചായത്തുകളുടെ കാര്യം വളരെ ഗൗരവമായിത്തന്നെ ഗവൺമെൻറ് കണക്കിലെടുക്കുകയും അവർക്ക് ആവശ്യമായ പണം നൽകുകയും ചെയ്തു. അതുകൊണ്ട് ഇത് ശരിയല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ജീവനക്കാരുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. അതും വ്യക്തമാക്കേണ്ടതുണ്ട്. ഈ ബില്ലുമായി ബന്ധപ്പെട്ടതല്ല. എനിക്ക് വ്യക്തമായി പറയാൻ കഴിയും. അവരൊക്കെ സംതൃപ്തരാണ്. രാഷ്ട്രീയമായ കാരണങ്ങളാൽ ഒരു പക്ഷേ അവർ എന്തെങ്കിലും പറഞ്ഞേക്കാം. അവരൊക്കെ സംതൃപ്തരാണ്. എൽ.ഡി.എഫ്.-ൻെറ ഭരണകാലത്തുപോലും ഇല്ലാത്ത രീതിയിലുള്ള സംതൃപ്തിയാണ് ഇടതുപക്ഷ യൂണിയനുകൾക്കടക്കം ഇപ്പോൾ ഉള്ളതെന്ന്, വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. പി. ജയരാജനടക്കം അക്കാര്യം മനസ്സിൽ കൈവച്ചുകൊണ്ട് പറയാൻ കഴിയുകയില്ല. രാഷ്ട്രീയ അജണ്ടയുടെ എന്തെങ്കിലും പറയിക്കും. പക്ഷേ മനസ്സിൽ കൈവച്ചുകൊണ്ട് അധികമൊന്നും പറഞ്ഞിട്ടില്ല. അതോടൊപ്പം എല്ലാവർക്കും ഇഷ്ടപ്പെടുന്ന രീതിയിൽ ട്രാൻസ്ഫർ നൽകാനും മറ്റും കഴിയുകയില്ല. കഴിയുന്നിടത്തോളം നോംസ് അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ നടത്തുന്നത്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്തുണ്ടായതുപോലെ രാഷ്ട്രീയപക്ഷപാതം വച്ചുകൊണ്ടുള്ള ഒരു നടപടിയും ഈ ഗവൺമെൻറിൻെറ കാലത്തില്ല. അത് വളരെ വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: മൂലനിയമത്തിൽ കുറേയിനം എന്നു കാണുന്നു. അതുപോലെ 50,000 ഉറുപ്പികയ്ക്ക് മേലെയുള്ളതിനാണ് മൂലനിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നത്. ലൈബ്രറിയിൽ നിന്ന് എടുത്തിട്ടുള്ള മൂലനിയമമാണ്. അതിന് വല്ല ഭേദഗതിയും വന്നിട്ടുണ്ടോ? Kerala Municipal Corporation Staff Union (KMCSU)-ന്റെ ആഭിമുഖ്യത്തിലുള്ള സമരം ഉൽഘാടനം ചെയ്തിട്ടാണ് ഞാൻ വരുന്നത്. നൂറ് കണക്കിന് ജീവനക്കാരാണ് സമരത്തിൽ പങ്കെടുത്തത്. അവർക്ക് വലിയ അസംതൃപ്തിയുണ്ട്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അത് 1999-ലെ 4-ാമത് അമെന്റ്മെന്റ് ആക്ട് പ്രകാരം എടുത്തുകളഞ്ഞതാണ്.

മി. ചെയർമാൻ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. ചെർക്കളം അബ്ദുള്ള അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(5) 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly